**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** — **09-02-2023 - ൽ മറുപടിയ്ക്ക്**

**ചെറുധാന്യ വർഷം പ്രമാണിച്ച് ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര തലത്തിൽ 2023 ചെറുധാന്യ വർഷമായി ആചരിക്കുബോൾ സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2022-2023 **ചെറുധാന്യ വർഷമായി** പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി NFSA ഗുണഭോക്താക്കൾക്ക് ചെറുധാന്യ വിഭാഗത്തിൽപ്പെടുന്ന റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോര മേഖലയിലെ ഏകദേശം 948 കടകളിലെ കാർഡുകൾക്കും 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഒരു FPS മുഖേന ശരാശരി 500 കാർഡുകൾക്ക് റാഗി വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്തിന് ലഭിക്കുന്ന ഗോതമ്പ് ആട്ടയാക്കി മാറ്റുന്ന അതേ വ്യവസ്ഥകൾക്കനുസൃതമായി കർണ്ണാടകത്തിൽ നിന്നും FCI മുഖേനെ ലഭ്യമാകുന്ന റാഗി പ്രോസസ്സ് ചെയ്ത് പൊടിയാക്കി 1 കിലോഗ്രാം പാക്കറ്റ് ആക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ഉപഭോക്താക്കൾ ആവശ്യകത ഉന്നയിക്കുന്ന മാവേലി സ്റ്റോറുകൾ വഴിയും റാഗി ന്യായമായ വിലയ്ക്ക് വില്പന ചെയ്യുന്നുണ്ട്.<br><br>കൂടാതെ സ്കൂൾ കുട്ടികൾക്കിടയിലും ആംഗനവാടികളിലും റാഗിയുടെ ഉപയോഗം സംബന്ധിച്ച് പ്രചാരം നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വനിത-ശിശു വികസന, പൊതുവിദ്യാഭ്യാസ വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ചെറുധാന്യ വർഷം പ്രമാണിച്ച് റേഷൻകട, മാവേലിസ്റ്റോർ എന്നിവ വഴി ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | 2022-2023 **ചെറുധാന്യ വർഷമായി** പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി NFSA ഗുണഭോക്താക്കൾക്ക് ചെറുധാന്യ |

| | | | | |
|---|---|---|---|---|
| | | | | വിഭാഗത്തിൽപ്പെടുന്ന റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോര മേഖലയിലെ ഏകദേശം 948 കടകളിലെ കാർഡുകൾക്കും 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഒരു FPS മുഖേന ശരാശരി 500 കാർഡുകൾക്ക് റാഗി വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്തിന് ലഭിക്കുന്ന ഗോതമ്പ് ആട്ടയാക്കി മാറ്റുന്ന അതേ വ്യവസ്ഥകൾക്കനുസൃതമായി കർണ്ണാടകത്തിൽ നിന്നും FCI മുഖേനെ ലഭ്യമാകുന്ന റാഗി പ്രോസസ്സ് ചെയ്ത് പൊടിയാക്കി 1 കിലോഗ്രാം പാക്കറ്റ് ആക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ഉപഭോക്താക്കൾ ആവശ്യകത ഉന്നയിക്കുന്ന മാവേലി സ്റ്റോറുകൾ വഴിയും റാഗി ന്യായമായ വിലയ്ക്ക് വില്പന ചെയ്യുന്നുണ്ട്.<br><br>കൂടാതെ സ്കൂൾ കുട്ടികൾക്കിടയിലും ആംഗനവാടികളിലും റാഗിയുടെ ഉപയോഗം സംബന്ധിച്ച് പ്രചാരം നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വനിത-ശിശു വികസന, പൊതുവിദ്യാഭ്യാസ വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ